ഷുക്കൂർ വധക്കേസ്:പ്രതിരോധ തന്ത്രങ്ങൾ തേടി സി.പി.എം

കണ്ണൂർ: എം.എസ്.എഫ്പ്രവർത്തകനായിരുന്ന അരിയിൽ ഷുക്കൂർ വധക്കേസിൽ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചതിലൂടെ പ്രതിരോധത്തിലായസി.പി.എംപ്രതിസന്ധി മറികടക്കാൻ പുതിയ തന്ത്രങ്ങൾ മെനയുന്നു. ലോക്സഭ തിരഞ്ഞെടുപ്പ് അടുത്തുനിൽക്കെയു.ഡി.എഫും ബി.ജെ.പിയും ഷുക്കൂർ വധം രാഷ്ട്രീയ ആയുധമാക്കുമ്പോൾഇതിനെമറികടക്കാനുള്ള തന്ത്രങ്ങളാണ്സി.പി.എംകേന്ദ്രങ്ങളിൽ മെനയുന്നത്.

സി.പി.എംകണ്ണൂർജില്ലാസെക്രട്ടറി കൂടിയായ പി. ജയരാജൻ തിരഞ്ഞെടുപ്പിൽ കണ്ണൂരിലോ വടകരയിലോ മത്സരിക്കുമെന്ന സൂചനകളുണ്ടായിരിക്കെയാണ്സി.ബി.ഐഅന്വേഷണത്തിനെതിരെഡൽഹിലോചനയും കൊലക്കുറ്റവും ചുമത്തി കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. ടി.വി. രാജേഷ്എം.എൽ. എയ്ക്കെതിരെയും സമാനമായ കുറ്റങ്ങളാണ് ആരോപിച്ചിരിക്കുന്നത്.തലശേരി പ്രിൻസിപ്പൽസെഷൻസ്കോടതിയിലാണ് സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചത്. അതിനിടെ ഷുക്കൂറിന്റെ കുടുംബം കേസ് എറണാകുളം സി.ബി.ഐ കോടതിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ടി ഹൈക്കോടതിയെസമീപിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കേസ് എറണാകുളത്തേക്ക് മാറ്റാൻ ആവശ്യപ്പെടുമെന്ന് ഷുക്കൂറിന്റെ സഹോദരൻ ദാവൂദ്മുഹമ്മദ്കേരളകൗമുദിഫ്ളാഷിനോട്പറഞ്ഞു.എന്നാൽഇതിനെസി.പി.എംഎതിർക്കുമെന്നാണ് അറിയുന്നത്. ജയരാജനെ കണ്ണൂരിൽനിന്ന് അകറ്റാനുള്ള ശ്രമമാണ്രാഷ്ട്രീയമായിനടക്കുന്നതെന്ന ചിന്തയും സി.പി.എമ്മിലുണ്ട്. 2012 ഫെബ്രുവരി20നാണ് കണ്ണപുരംകീഴറയിലെവള്ളുവൻകടവിനടുത്ത് വച്ച് ഷുക്കൂർ കൊല്ലപ്പെട്ടത്. സംഭവദിവസം അരിയിലിൽആക്രമിക്കപ്പെട്ട പാർട്ടി ഓഫീസുകൾ സന്ദർശിക്കാനെത്തിയസി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജൻ, കല്ല്യാശ്ശേരി എം.എൽ.എ ടി.വി.രാജേഷ് എന്നിവർ സഞ്ചരിച്ചവാഹനത്തിനുനേരെ ആക്രമണം ഉണ്ടാവുകയായിരുന്നു. തുടർന്ന് മണിക്കൂറുകൾക്കുള്ളിൽ ഷുക്കൂർ വധിക്കപ്പെട്ടു. ബന്ധിയാക്കിവിചാരണ ചെയ്തുള്ള ക്രൂരമായ കൊലപാതകം എന്ന നിലയിൽഈകേസ്വലിയതോതിൽ ചർച്ചയായിരുന്നു.

വീട്ടമ്മയെയും മകളെയെയും പീഡിപ്പിച്ചയുവാവ്അറസ്റ്റിൽ

കോട്ടയം: കഞ്ചാവ് കേസിൽ അകത്തായ യുവാവിനെ ജാമ്യത്തിലിറക്കാമെന്ന്വാഗ്ദാനം ചെയ്ത്അമ്മയെയും സഹോദരിയെയും പീഡിപ്പിച്ചയുവാവ്അറസ്റ്റിൽ. ഈരാറ്റുപേട്ടസ്വദേശിനവാസ്മദീനയാണ്(33) അറസ്റ്റിലായത്. പ്രതിയെകോടതിറിമാൻഡ് ചെയ്തു.

കഞ്ചാവ് മൊത്തവിതരണക്കാരനാണ്നവാസ്. ഇയാളുടെ സംഘാംഗമായ യുവാവിനെ രണ്ടുവർഷംമുൻപ്കഞ്ചാവുമായിപൊലീസ്പിടികൂടിയിരുന്നു. ജാമ്യത്തിലിറക്കാൻസഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത്നവാസ് യുവാവിന്റെഅമ്മയെപീഡിപ്പിക്കുകയായിരുന്നു. സഹോദരിയേയും ഇയാൾപീഡിപ്പിച്ചു. എന്നാൽ യുവാവിനെ ജാമ്യത്തിലിറങ്ങാൻഇയാൾസഹായിച്ചതുമില്ല. ജയിലിൽനിന്ന്പുറത്തുവന്ന യുവാവിനോട് ഇവർ കാര്യങ്ങൾ തുറന്നുപറഞ്ഞു. യുവാവ്ഡിവൈ.എസ്.പികെ.ബിജുമോനെനേരിൽകണ്ട്പരാതിനൽകുകയായിരുന്നു. ഈരാറ്റുപേട്ട എസ്.ഐ സുധീർ , വനിതാസിവിൽപൊലീസ്ഓഫിസർരമ, സി.പി.ഒമാരായ ഹരിഹരൻ, ഷെഫീഖ്, ജോമി, റോബി, സുരേഷ്ബാബു, ജയകുമാർ എന്നിവർ ചേർന്നാണ് പ്രതിയെപിടികൂടിയത്.

യുവാവ്തൂങ്ങിമരിച്ചനിലയിൽ

കിളിമാനൂർ: കൊട്ടുവഴന്നൂർപൊയ്കമുകടബി.എസ്ഭവനിൽബാബുവിന്റെ മകൻ ബാലുവിനെ (30) തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തി. ഇന്നലെപുലർച്ചെവീട്ടിനുള്ളിലെമുറിയിലാണ്തൂങ്ങിമരിച്ചത്. അവിവാഹിതനാണ്. സുജാതയാണ്മാതാവ്.സുബിഏകസഹോദരിയാണ്.നഗരൂർപൊലീസ്കേസെടുത്തു.പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം വീട്ടുവളപ്പിൽ ഇന്നലെ വൈകിട്ട്സംസ്കരിച്ചു.

പാവുമ്പ കൊലപാതകം: തിരു.എയർപോർട്ടിൽ ഒരാൾ അറസ്റ്റിൽ

കൊല്ലം: പാവുമ്പ ക്ഷേത്രോത്സവദിനത്തിൽ യുവാവിനെ കൊലപ്പെടുത്തിയ കേസിലെപ്രതിഗൾഫിലേക്ക്കടക്കാനുള്ള ശ്രമത്തിനിടെ തിരുവനന്തപുരംവിമാനത്താവളത്തിൽവച്ച് പിടിയിലായി. കരുനാഗപ്പള്ളി പാവുമ്പ വടക്ക് ജയന്തികോളനി നിഷാദ് മൻസിലിൽ നിഷാദിനെയാണ്ഇന്നലെരാത്രി എമിഗ്രേഷൻ വിഭാഗം തടഞ്ഞുവച്ച് കരുനാഗപ്പള്ളി പൊലീസിന്കൈമാറിയത്. നിഷാദ് ഗൾഫിലേക്ക് കടക്കാനുള്ള സാദ്ധ്യതമുന്നിൽകണ്ട്പൊലീസ് എയർ പോർട്ട് അധികൃതർക്ക് വിവരം കൈമാറിയതിനെതുടർന്നാണ്പ്രതിയെഅറസ്റ്റ് ചെയ്യാനായത്.

നേരത്തെ ഗൾഫിൽ ജോലി ചെയ്തിരുന്ന നിഷാദ് കുറെ നാളായി നാട്ടിലായിരുന്നു. കൊലപാതകം നടന്ന ശേഷം സന്ദർശകവിസസംഘടിപ്പിച്ച് നിഷാദ്ദുബായിലേക്ക്കടക്കാൻ ശ്രമിക്കുകയായിരുന്നു. ചവറ പന്മന സ്വദേശിയായ അഖിൽജിത്ത്(21) ഫെബ്രുവരിമൂന്ന് അർദ്ധരാത്രിയിലാണ് കൊല്ലപ്പെട്ടത്.

മോഷണക്കേസിൽ അറസ്റ്റിൽ

ഷൈന

കോവളം: കൊൽക്കത്ത സ്വദേശിയുടെ 22,000 രൂപയും മൊബൈൽഫോണുംമോഷ്ടിച്ചകേസിലെപ്രതിയെയും സഹായിയെയും കോവളം പൊലീസ് അറസ്റ്റ് ചെയ്തു.

തിരുവല്ലം മാത്തൂവിളാകംവീട്ടിൽ ഷൈന (30), പ്രാവച്ചമ്പലം യുഎൻഎസ്നിവാസിൽ രാഹൽ (28) എന്നിവരാണ് പിടിയിലായത്. ഷൈന കൊണ്ടുവരുന്ന മോഷണ മുതൽ വിൽക്കാൻ സഹായിച്ചതാണ് സൂഹൃത്തുകൂടിയായ രാഹൽ. രണ്ട് ദിവസം മുമ്പാണ് മോഷണം നടന്നത്. കൊൽക്കത്ത സ്വദേശി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്ത പ്രതികളെ റിമാന്റ് ചെയ്തു.

കീഴൂർ ഭഗവതി ക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠാ മഹാമഹം

കല്ലമ്പലം: കീഴൂർ ഭഗവതി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ മഹാമഹം ഇന്ന് ആരംഭിച്ച്16 ന് സമാപിക്കും. ഇന്ന് ഉച്ചയ്ക്ക് വിഗ്രഹ ഘോഷയാത്ര നടക്കും. നാളെ രാവിലെ ക്ഷേത്രപൂജ, ഉച്ചയ്ക്ക് അന്നദാനം, വൈകിട്ട്ബിംബപരിഗ്രഹം, അത്താഴപൂജ. 14 ന് രാവിലെ മഹാഗണപതിഹോമം, ഉച്ചയ്ക്ക് അന്നദാനം, വൈകിട്ട് അധിവാസഹോമം, ധ്യാനാധിവാസം, മണ്ഡല പൂജ. പ്രതിഷ്ഠാ ദിനമായ 15 ന് രാവിലെ പീഠ പ്രതിഷ്ഠ, ഉപദേവ പ്രതിഷ്ഠ, തുടർന്ന് നാഗ പ്രതിഷ്ഠയും പ്രത്യേക പൂജകളും, ഉച്ചയ്ക്ക് സമൂഹ സദ്യ, വൈകിട്ട് നാലിന് ക്ഷേത്ര സമർപ്പണം, തുടർന്ന് പൊതുയോഗവും ക്ഷേത്രാചാര്യന്മാരെ ആദരിക്കലും.

സർക്കാർ, എയ്ഡഡ്, സ്വയംഭരണ കോളേജുകൾക്കുള്ള റൂസ ഫണ്ട് വിതരണം സംസ്ഥാനതല ഉദ്ഘാടനം

ബഹു. മുഖ്യമന്ത്രി

ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നു

അദ്ധ്യക്ഷൻ: ഡോ. കെ.ടി. ജലീൽ

(ബഹു: ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

2019 ഫെബ്രുവരി 12, ഉച്ചയ്ക്ക് 12.00 ന്

മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

മുഖ്യാതിഥി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(ബഹു. ടൂറിസം, ദേവസ്വം വകുപ്പുമന്ത്രി)

ആശംസ

ഡോ. ശശി തരൂർ

(എം.പി.)

അഡ്വ. വി. കെ. പ്രശാന്ത്

(ബഹു. മേയർ, തിരുവനന്തപുരം നഗരസഭ)

കേരള റൂസ – പദ്ധതികൾ

01 യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും ഗവേഷണ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമുള്ള സാമ്പത്തിക സഹായം.

02 വയനാട്ടിൽ മാതൃകാ ഡിഗ്രി കോളേജ്.

03 സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം.

MHRD GOVERNMENT OF INDIA

Rebuild Kerala rebuild.kerala.gov.in

രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)

കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ്, തിരുവനന്തപുരം – 695033

Email: keralarusa@gmail.com

കേരള സർക്കാർ ഇൻഫർമേഷൻ–പബ്ലിക് റിലേഷൻസ് വകുപ്പ്

Connect with CM | fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App

Kerala State C-apt. Typm